LIBRARY ARCHIVES Kerala Legislative Assembly

ക്ഷേത്രകലകളുടെ നിരക്ക് വർദ്ധന

131 (2411) ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവസ്വം ബോർഡിന്റെ കീഴിലുള്ള അമ്പലങ്ങളിൽ ഉത്സവങ്ങളോട് അനുബന്ധിച്ച് നടത്തുന്ന ക്ഷേത്രകലകൾക്ക് വർഷങ്ങൾക്ക് മുൻപ് ദേവസ്വംബോർഡ്നിശ്ചയിച്ച നിരക്കുകളാണ് ഇപ്പോഴും പ്രാബല്യത്തിലുള്ളതെന്നും, അതു കാലാനുസൃതമായി വർദ്ധിപ്പിക്കണമെന്നും ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഹരികഥയ്ക്ക് നിലവിലുള്ള ഏഴുരൂപ എന്ന നിരക്ക് അപര്യാപ്തമായതു കൊണ്ട് പ്രസ്തുത കലാരൂപം തന്നെ ഇല്ലാതായിക്കൊണ്ടിരിക്കുന്ന അവസ്ഥ പരിഗണിച്ച് നിരക്കുകൾ വർദ്ധിപ്പിച്ചു നല്കമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഹരികഥയ്ക്ക് ഏഴുരൂപ എന്ന നിരക്ക് ഒരു ദേവസ്വത്തിലും നിലവിലില്ല എന്ന് അറിയിച്ചിട്ടുണ്ട്. കൂടാതെ അതാത് ദേവസ്വങ്ങളിലെ ഉത്സവപടിത്തരം അനുസരിച്ചാണ് നിരക്കുകൾ നൽകുന്നതെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡും കാലാനുസൃതമായുള്ള വർദ്ധനവ് കൂടാതെ ഹരികഥ അവതരിപ്പിക്കുന്നുണ്ടെങ്കിൽ കഥാകാരനനുസരിച്ച് ഉയർന്നനിരക്ക് നൽകാറുണ്ടെന്ന് കൂടൽമാണിക്യം ദേവസ്വവും അതാത് ക്ഷേത്രങ്ങളിലെ ഭരണസമിതിയും ഉത്സവനടത്തിപ്പ് സംബന്ധിച്ച കമ്മിറ്റികളുമാണ് ഇത്തരം കാര്യങ്ങളിൽ നടപ്പ് രീതിയനുസരിച്ച് പ്രതിഫലം നിശ്ചയിക്കുന്നതെന്ന് മലബാർ ദേവസ്വംബോർഡും കാലാനുസൃതമായ വർദ്ധനവ് നൽകുന്നുണ്ടെന്ന് കൊച്ചിൻ ദേവസ്വംബോർഡും അറിയിച്ചിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിൻകീഴിൽ ഹരികഥ എന്ന കലാരൂപം അവതരിപ്പിച്ചുവരുന്നില്ല.

നബാർഡ് സഹായത്തോടെ കൽപ്പറ്റയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

132 (2412) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കാലയളവിൽ ജലവിഭവ വകുപ്പ് മുഖേന നബാർഡ് സഹായത്തോടെ കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;